
# മിണ്ടാതെ

എം. പി. പ്രതീഷ്



മിണ്ടാതെ

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | മിണ്ടാതെ | 4 |
| 2 | താഴ്ന്ന | 5 |
| 3 | ഉപ്പ് | 6 |
| 4 | പൊട്ടി | 7 |
| 5 | മുറിക്കുള്ളിൽ | 8 |
| 6 | ഓരി | 9 |
| 7 | ഈർപ്പം | 10 |
| 8 | ഇറച്ചി | 11 |
| 9 | ദേഹത്ത് | 12 |
| 10 | ചെവി | 13 |
| 11 | പുഴ, ദൈവം, കല്ല് | 14 |
| 12 | കാറ്റത്ത് | 19 |
| 13 | നാവ് | 20 |
| 14 | പരിചയം | 21 |
| 15 | തണുപ്പ് | 22 |
| 16 | സുഷിരം | 23 |
| 17 | ഇടം | 24 |
| 18 | വാതിൽത്താഴെ | 25 |
| 19 | നിഴലിൽ | 26 |
| 20 | ഗ്രഹം | 27 |

## 1

# മിണ്ടാതെ

പടവിറങ്ങിപ്പോരുമാനകൾ
ആളുകൾ
ഒച്ചകൾ
പൊടിമണ്ണിൽപ്പായവിരിച്ചനിരത്തിയ
കളിപ്പാട്ടങ്ങൾക്കിടയിൽ
ഒരു പ്രാവിന്റെ
പ്രതിമയുണ്ട്

അതനങ്ങുന്നില്ല
ഒച്ചകളിൽ കണ്ണിളക്കുന്നില്ല
കുറുകുന്നില്ല

കുട്ടിയുടെ ഉറക്കത്തിന്റെ മടിയിലിരുന്ന്
അത് മലയ്ക്കുതാഴത്തെ വീട്ടിലേയ്ക്ക് പോവുന്നു

വരാന്തയിൽ
മനുഷ്യർക്കിടയിൽ
ഒരു മരക്കസാലയുടെ അടിയിലിരിക്കുന്നു

# 2

## താഴ്ന്ന

മുള്ളുകൾ വകഞ്ഞ്
കല്ലുകളിൽ പറ്റിപ്പിടിച്ച്
പറങ്കിച്ചികൾക്കു ചോട്ടിലൂടെ
കുന്നിന്മുകളിലെത്തി

ഇരുട്ടുന്നതുവരെ
നോക്കിക്കൊണ്ടു നിന്നു

താഴ്ന്നയിടങ്ങളിലെ വെളിച്ചം

# 3
# ഉപ്പ്

ഇരുട്ടും വെള്ളവും
പതുക്കെപ്പതുക്കെ
കോലായിലേയ്ക്കുയർന്നുവന്നു

മരക്കൊമ്പുകൾ പൊട്ടിവീണു
മിന്നലുകളിറങ്ങി

പരന്ന പാത്രത്തിൽ
ചൂടുള്ള ഉപ്പുവെള്ളത്തിൽ
ഞാൻ കാലുകളിറക്കിവെച്ചു

# 4

# പൊട്ടി

ചെറവരമ്പിൽ
പാതിരയിരുട്ടിൽ
നനഞ്ഞുപോരുമൊരാൾ

വരമ്പിനുണ്ടാവുന്ന
ചില്ലകളേറെ
പ്പടർപ്പുകളേറെ
ത്തിരിവുകൾ
വളവുകൾ

ഒച്ചകൾക്കും
ഭയത്തിനുമിടയിലൂടെ
ചൂട്ടുവീശി
യൊറ്റയ്ക്കു നടന്നു നടന്നു
നടന്നയാൾ
മുഴുമിക്കുന്നു രാത്രി

നീലിച്ചമെയ്യിൽ
വെയിലുകൊള്ളുമ്പോൾ
പഴയ ജന്മത്തിന്റെ ചൂടുണ്ട്

## 5

# മുറികളിൽ

ചാരിയിട്ടേയുള്ളൂ, ഈ വാതിൽ

ജനലടയുന്ന കാറ്റുണ്ട്
ഉണങ്ങാത്ത നെല്ലിന്റെ ഒച്ച,
മണങ്ങൾ

ഒരു വെറും ശീലചുറ്റിക്കിടക്കുന്നത്
ആരുടെ മരിച്ചുകഴിഞ്ഞ ഉടലായിരിക്കും?

ഒരു മൃഗത്തിന്റെ നിഴൽ
മുറിയിലുണ്ടെന്നു തോന്നി

അതുനടക്കുന്നതിന്റെ
കിതപ്പാറ്റുന്നതിന്റെ

ഈ മുറികളിൽ ആരാണു
ഒറ്റയ്ക്കു പാർക്കുന്നത്?

# 6

## ഓരി

നിഴലുവീഴും ചെരിവിലൂടെ
കുന്നിറങ്ങിപ്പോരുന്ന
കുറുക്കൻ
പുറംചുമരിലതിന്റെയോരിതട്ടിത്തെറിക്കുന്നു

മുറ്റത്തു ലൈറ്റിട്ട്
മായ്ച്ചുകളയാൻ നോക്കുന്നു

ഇരുട്ടുള്ളിടത്തെല്ലാം അതിന്റെ തുറന്നു
പിടിച്ച വായും കണ്ണുകളും
ഒട്ടിപ്പിടിച്ചിരിക്കുകയാണ്
കാൽനഖവും
ഭയവും
വിശപ്പും
രോമവും

ഈ വീടിനകത്ത്
ഇന്നിനി ഉറങ്ങാനാവുമെന്ന് തോന്നുന്നേയില്ല

അലമാരയുടെ പിന്നിലും
ജനാലക്കർട്ടനുള്ളിലും
അതിന്റെയോരി
പാത്തുനിൽക്കുന്നു.

# 7

# ഈർപ്പം

പുറത്തു കടക്കാൻ പഴുതുകളില്ലാതെ
വെള്ളത്തിന്റെ
മേൽത്തട്ടിൽ വന്ന് മടങ്ങിപ്പോവുന്ന
മീനുകളെപ്പോലെ
ചില്ലിന്മേൽ വന്ന് തട്ടി
തിരിച്ചുപോവുന്ന ഈർപ്പം
മുറിയിലെച്ചുമരിലെച്ചിത്രത്തെ
പുറത്താകെ നനയ്ക്കുന്നു.

കാറ്റിൽ നുഴ്ന്ന്, മരം കൊണ്ടുള്ള
ചട്ടത്തിൽ വിടവ് തിരയുന്നു,
ഒരു നേർത്ത പാത കണ്ടെത്തുന്നു.

ചില്ലിനുള്ളിൽ
കൂട്ടുകെട്ടി,നൃത്തം വച്ച്, കുഞ്ഞുങ്ങളെപ്പോറ്റുന്നു,
അമ്മയുടെ മുഖവുമുടലും തിന്നുന്നു,
അനങ്ങാതെനിന്ന ഭൂതകാലത്തെ നക്കുന്നു.

# 8

## ഇറച്ചി

ഇറച്ചി
വെട്ടുന്ന ബുദ്ധൻ
ചോരകുതിർത്ത കുപ്പായം
അഴിച്ച് ചുമരിൽത്തൂക്കി
പലകയ്ക്കു താഴെയിരുന്നു ധ്യാനിച്ച്
കുപ്പായമലക്കിയുണക്കി
ഉറങ്ങാൻ പോയിക്കിടന്നു
മൂർച്ചയുള്ള കത്തിവായ്
സ്വപ്നം കണ്ടു
രാവിലെ വിലയെഴുതിയിട്ട മരച്ചട്ടം
മുൻവശത്ത് കൊളുത്തി
കനം കൂടുതലുള്ള ഒന്നിനെ
തൂക്കിയെടുത്ത് പലകയിലിട്ട്
ആഞ്ഞുകൊത്തി

# 9

## ദേഹത്ത്

മരത്തിലൂടെയല്ല അതു പായുന്നത്
ഈ ഒച്ചയൊന്നുമതിന്റേതല്ല
അണ്ണാൻ ചിലയ്ക്കുന്നത്
എന്റെ ദേഹത്ത്
എനിക്ക് വേരുമിലകളുമുണ്ട്.

## 10

# ചെവി

വൃക്ഷത്തിന്റെ
തൊലിക്കുതാഴെ
നിശബ്ദതയുടെ എല്ല്.
ഉള്ളിലൊഴുകുന്ന വെള്ളം.
അതിന്റെയൊച്ചകേൾക്കുന്നോ,
ചെവി ചേർത്തുവെക്കു്.

# 11

# പുഴ, ദൈവം, കല്ല്

പുഴ എന്റെ ദൈവമല്ല
എനിക്ക് ദൈവമില്ല
പുഴവിനതുണ്ടാവുമോ?

2

പുഴ അതിന്റെ വഴിയൂടെ
പോയി
വളവുതിരിവുകളോടെ

ഞാൻ, ഒരു പുഴ എന്റെ വഴി
മുറിച്ചുകടന്നുവെന്ന് പറയുന്നു

3

തൊട്ടുമ്പോൾ
പിഞ്ഞാണപ്പാത്രവും
നീയുമൊരുപോലിരിക്കുന്നു

രണ്ടിനും അരികുകളുണ്ട്

4

താഴെവീഴുമില
പാറയിലൊട്ടി
പതുക്കെയതു ഞരമ്പുമാത്രമായി

ഇലകൾക്ക്
കല്ലിനെയലിയിക്കാൻ
കഴിയില്ലെന്നു തോന്നുന്നു

5

നിറഞ്ഞു കവിഞ്ഞ കിണറിൻ കരയിൽ
രാവിലെ, മീനുകൾ,
തിന്നുമയങ്ങിയ പൂച്ച

ഇരുട്ടിൽ വന്നുമടങ്ങിയ
മൂങ്ങകളുടെ നിഴൽ
ആഴത്തിനുതാഴെയായിരിക്കും
നമുക്കു കാണാനാവുന്നില്ല

## 12

# കാറ്റത്ത്

കാറ്റത്ത വിളക്കണഞ്ഞുപോയി
മെയ്യിൽ വെളിച്ചമുള്ള
ഒരു പുഴുവിനെക്കണ്ടു

## 13

# നാവ്

ബസ്സിന്റെ വക്കത്തിരിക്കയായിരുന്നു
ബസ്സ് ഒരു പാലംകടന്നുപോയി

താഴെ ഒഴുക്കിന്റെ ചെരിവിൽ
കയറിൽക്കുരുങ്ങിയൊരു തോണിയുണ്ട്

അതിന്റെ പള്ളയിൽ ഉപ്പുള്ള
ഏതോ കടലിന്റെ
നാവു തട്ടിയിരിക്കുന്നു

## 14

# പരിചയം

അപരിചിതമായ
വെള്ളത്തെ പതുക്കെയൊന്നു
തൊട്ടുനോക്കി

തോട്ടിൽനിന്നും കിണറ്റിലേക്കുള്ള
പാർപ്പുമാറ്റത്തിനിടയിൽ
മീൻ

അല്ല, ആ വെള്ളമല്ല ഇത്

# 15

# തണുപ്പ്

കടലാസ് വെള്ളം വലിച്ചെടുക്കുന്നു
ശീലയും
മരങ്ങളും
ചുമരീർപ്പത്തെ വലിച്ചെടുക്കുന്നു
അപ്പവുമുപ്പും
ചെടിയിലകൾ വെളിച്ചത്തെ വലിച്ചെടുക്കുന്നു
അടിവയർച്ചുരുളും
ശിശ്നചർമ്മവും
ചിമ്മിനി പുക തുപ്പുന്നു
കിടപ്പറയും
മരിച്ചവരുടെയുടലുകളും

പെട്ടെന്നു നോക്കിയാൽ
ഒന്നുമുള്ളതായിത്തോന്നില്ല
പക്ഷേ പാർപ്പിടത്തിനു
നീലനിറം പകർന്നുകൊണ്ടിരുന്നു
തണുത്തുകൊണ്ടിരുന്നു

## 16

# സുഷിരം

ഗ്രോബാഗിനുതാഴത്തുള്ള
സുഷിരങ്ങളിലൂടെ
വേരും
വെള്ളവും
ആഴത്തിലേയ്ക്ക് പോവുന്നു
ആഴമെന്നുപറയുന്നത്
കല്ലിനെയും കമ്പിയെയുമാണു
ഉറഞ്ഞ കുമ്മായക്കൂട്ടിനെയാണ്
അതിന്നടിയിൽ മറ്റൊരു പാർപ്പിടം
അവിടത്തെച്ചെടികൾ
അവയുടെ വേര്
വെള്ളം

കാറുകൾ നിർത്തിയിടുന്ന അടിത്തട്ടിൽ
ഇരുട്ടിനകത്ത്
ഒരാൾ താഴത്തെ നിലയിലേയ്ക്കുള്ള
നമ്പറമർത്തി വാതിലടയ്ക്കുന്നു

# 17

## ഇടം

പക്ഷികളൊക്കെയും വന്നിരിക്കുന്ന കമ്പി
പൊട്ടിച്ചുരുണ്ടുകിടന്നു
പാടത്ത്
പുല്ലിൽ
വെള്ളത്തിൽ

രാത്രി ചൂട്ടു കത്തിച്ച്
വരമ്പുകേറിവരുമ്പോഴുമുണ്ട്
പക്ഷികൾ ഉയരത്തിൽ
അതേ സ്ഥാനങ്ങളിൽ
അടുത്തടുത്തിരിക്കുന്നു
കമ്പിയില്ലാക്കമ്പിയിൽ

## 18

# വാതിൽത്താഴെ

വാതിൽത്താഴെ ഷൂവഴിച്ച് വെക്കുന്നു
വള്ളിച്ചെരിപ്പ് ചപ്പലഴിക്കുന്നു
മെതിയടി ബൂട്ടഴിച്ച് വെക്കുന്നു
നനവും വിയർപ്പും ചെളിയും
കറയുമഴിച്ച വെക്കുന്നു

അല്പം നേരത്തേവന്ന് അകത്തുകേറിയ
കാട്ടുമൃഗത്തിന്റെ കുളമ്പുകളുടെ
പോറലുകൾക്കുമേലെ
അതിനെ കാണാത്തവിധം മൂടിയിട്ട്

## 19

# നിഴലിൽ

ഏണി ചാരിവെച്ച്
മുളകുപറിക്കുമ്പോൾ
മുകളിലൊരു കിളിക്കൂട് കാണുന്നു.
ഉള്ളിലൊരു ചെറിയ മുട്ട.
അകത്തു വലുതാവുന്ന
കുഞ്ഞിനെയവൾ മേക്സിക്കു
മീതേക്കൂടിത്തൊട്ടു.
ഏണിക്ക് നാലഞ്ചു കെണിപ്പു കൂടിയുണ്ട്.
തികയാനൊന്നു രണ്ടു മാസം.
അവൾ കുഞ്ഞിനെക്കൂട്ടിലിട്ട്
മുട്ടയുള്ളംകൈയിൽ
ചുരുട്ടിപ്പിടിച്ച് താഴേക്കിറങ്ങിപ്പോരുന്നു

കിളി പാറിവരുന്ന നിഴലിൽ.

## 20


# ഗ്രഹം

പിൻമുറ്റത്തെക്കോണിൽ
മരക്കസാല,
ചാരിക്കിടക്കുന്നയാൾ,
അയാൾക്കും വീടിനും മീതെ
പതുക്കെപ്പകലിൽ നീങ്ങുന്ന ഒരു ഗ്രഹം.

ഒരു കിളിക്കൂട്ടം ഒഴുകിനീന്തുന്ന വിടവിൽ
അയാൾ ഓർമിച്ചു,
കാലിലെയാദ്യത്തെ മുറിവും ചോരയും
അതുണങ്ങാനെടുത്ത പന്ത്രണ്ടു നാളുകൾ
അനങ്ങാതിരുന്ന കോലായ
അപ്പോഴൊക്കെയും ഭ്രമണം
ചെയ്തുകൊണ്ടിരുന്ന
ഒരു ഭൂമി,
അതിന്റെ മുരൾച്ച, ചൂടുള്ള
ശ്വാസോച്ഛ്വാസം.

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴു കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014